നം: ഒഎം.1/2499/2013

ചീഫ് എഞ്ചിനീയരുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്,
ഡിസൈൻ & ഭരണ വിഭാഗം,
തിരുവനന്തപുരം,
തീയതി: 11/02/2013

# സർക്കുലർ

വിഷയം: പൊതുമരാമത്ത് വകുപ്പ് ജീവനക്കാര്യം 2013 ലെ പൊതുസ്ഥലംമാറ്റം അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന: 10/09/2004 ലെ നം. (പി) 12/2004/ഉ.പ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

*******

സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ വിവിധ തസ്തികകളിലേക്ക് 2013 ലെ പൊതു സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾക്കു വിധേയമായി ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃകാ അപേക്ഷ ഫോറം ഓഫീസ് മേധാവികളുടെ ശുപാർശയോടു കൂടി അനുബന്ധമായി ചേർത്തിട്ടുള്ള സമയക്രമമനുസരിച്ച് 27/03/2013, 5 മണിക്കു മുമ്പ് തിരുവനന്തപുരത്തുള്ള ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. 2012 ലെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷിക്കുകയും മതിയായ ഒഴിവുകളില്ലാത്ത പക്ഷം സ്ഥലംമാറ്റം ലഭിക്കാതിരിക്കുകയും ചെയ്തിട്ടുള്ള ജീവനക്കാർ 2013 ലെ പൊതു സ്ഥലംമാറ്റത്തിന് പുതിയ അപേക്ഷ നൽകേണ്ടതാണ്. ഡെപ്യൂട്ടേഷനിൽ തുടരുന്നവർ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതില്ല.

നിർദ്ദിഷ്ട ഫോറത്തിലല്ലാതെ അപേക്ഷകൾ, ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തവ, അവസാന ദിവസം കഴിഞ്ഞു ലഭിക്കുന്ന അപേക്ഷകൾ ഇവ പരിഗണിക്കുന്നതല്ല. സൂചനയിലെ സർക്കാർ ഉത്തരവുകളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും പൊതുസ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്നത്. അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉത്തമബോദ്ധ്യം വന്നതിനുശേഷം മാത്രമേ ഓഫീസ് മേധാവികൾ ശുപാർശ ചെയ്യാവൂ എന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ശുപാർശ തെറ്റാണെന്ന് തെളിഞ്ഞാൽ അവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്. ഓഫീസ് മേധാവികൾ ഈ സർക്കുലർ എല്ലാ വിഭാഗം ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തി എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ജീവനക്കാർ സർക്കുലർ കണ്ട കാര്യം ഒരു രജിസ്റ്ററിൽ ഒപ്പു വാങ്ങി രേഖപ്പെടുത്തുകയും അക്കാര്യം ഈ ഓഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച എല്ലാ വിവരങ്ങളും കേരള പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിൽ **(www.keralapwd.gov.in)** ലഭ്യമാണ്.

for **ചീഫ് എഞ്ചിനീയർ**
ഡിസൈൻ & ഭരണവിഭാഗം

*പകർപ്പ്: 1. പൊതുമരാമത്ത് വകുപ്പിൽ കീഴിലുള്ള എല്ലാ മേഖലാ/ജില്ലാ ഓഫീസ് മേധാവികൾക്ക്*
*2. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്*
*3. ചീഫ് എഞ്ചിനീയർ (ഡിസൈൻ & ഭരണം)/ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ ചീഫ് എഞ്ചിനീയർ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും/ ഐ.റ്റി. സെൽ/ സ്റ്റോക്ക് ഫയൽ*

fc1

അനുബന്ധം - 1

**പൊതുമരാമത്ത് വകുപ്പിലെ 2013 ലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച സമയവിവര പട്ടിക**

| | | |
|---|---|---|
| 1 | അപേക്ഷ ക്ഷണിച്ച് പത്രത്തിൽ പരസ്യം നൽകേണ്ട/ സർക്കുലറും ഫോറവും പ്രസിദ്ധീകരിക്കേണ്ട തീയതി | 11/02/2013 |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 12/03/2013 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസുകളിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ അപേക്ഷ ലഭ്യമാക്കേണ്ട അവസാന തീയതി | 20/03/2013 |
| 4 | അർഹതയുള്ള അപേക്ഷകൾ ചീഫ് എഞ്ചിനീയർ ഓഫീസിൽ ലഭ്യമാക്കേണ്ട അവസാന തീയതി | 27/03/2013 |

## അനുബന്ധം -II
## പൊതുമരാമത്ത് വകുപ്പ്
## പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ 2013

(അപേക്ഷയിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല)

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | ഉദ്യോഗപ്പേര് | |
| 3. | ഓഫീസ് മേൽവിലാസം | |
| 4. | ജനന തീയതി | |
| 5. | ഇപ്പോഴത്തെ ഓഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതി(ഉദ്യോഗക്കയറ്റം/നിയമന ഉത്തരവ് നമ്പർ തീയതി) | |
| 6. | ഇപ്പോഴത്തെ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുന്നതിനു തൊട്ടു മുമ്പ് സ്വന്തം ജില്ലയ്ക്ക് പുറത്ത് ഇതേ തസ്തികയിൽ ജോലി ചെയ്ത കാലയളവും, സ്റ്റേഷനും | |
| 7. | സ്ഥലംമാറ്റം-പ്രത്യേക പരിഗണനയുണ്ടെങ്കിൽ (ഉണ്ടെങ്കിൽ രേഖ ഹാജരാക്കണം) | വികലാംഗർ/മിശ്രവിവാഹിതർ/മിലിട്ടറി ആശ്രിതൻ/എസ്.സി, എസ്.റ്റി/ വിദൂര സ്ഥല സേവനം/വിരമിക്കാൻ 2 വർഷം/ സഹതാപാർഹമായ കാരണം/മറ്റുള്ളവ/ ബാധകമല്ല |
| 8. | i. മുൻ വർഷങ്ങളിൽ പൊതുസ്ഥലം മാറ്റം ലഭിച്ചിട്ടുണ്ടോ?<br>ii. ഉണ്ടെങ്കിൽ ഏതുവർഷം, ഉത്തരവ് നമ്പറും തീയതിയും | ഉണ്ട്/ഇല്ല |
| 9. | സ്ഥിര താമസ വിലാസം (ജില്ല ഉൾപ്പെടെ) | |
| 10. | സ്ഥലംമാറ്റം ലഭിക്കുവാൻ ആഗ്രഹിക്കുന്ന സ്റ്റേഷനുകൾ (ജില്ലയുടെ പേര് ഉൾപ്പെടെ) ഒന്നിൽക്കൂടുതൽ ജില്ലയിൽ അപേക്ഷിക്കുന്നവർ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു അപേക്ഷകൻ പരമാവധി 3 സ്റ്റേഷനുകൾ മാത്രമേ ഓപ്റ്റ് ചെയ്യാൻ പാടുള്ളൂ. | 1.<br>2.<br>3. |

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

സ്ഥലം — ഒപ്പ്

തീയതി — അപേക്ഷകന്റെ പേര്

അപേക്ഷകന്റെ സേവന പുസ്തകം/ബന്ധപ്പെട്ട സർവ്വീസ് രേഖകൾ പരിശോധിച്ച് മേൽ പ്രസ്താവിച്ച വിവരം ശരിയാണെന്നു സാക്ഷ്യപ്പെടുത്തുന്നു; (അപേക്ഷകന്റെ കാര്യക്ഷമത വ്യക്തമാക്കേണ്ടതാണ്)

സ്ഥലം — ഓഫീസ് മേലധികാരിയുടെ ഒപ്പ്

തീയതി — ഓഫീസ് മുദ്ര — ഉദ്യോഗപ്പേര്

അപേക്ഷ 10-09-2004 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ ശുപാർശ ചെയ്യുന്നു/ താഴെ പറയുന്ന കാരണത്താൽ അപേക്ഷ നിരസിക്കാവുന്നതാണ്

സ്ഥലം

തീയതി — എക്സിക്യൂട്ടീവ് എൻജിനിയർ

സൂപ്രണ്ടിംഗ് എൻജിനിയർ

ഓഫീസ് മുദ്ര

## ഓഫീസ് ഉപയോഗത്തിന് മാത്രം

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | ഉദ്യോഗപ്പേര് | |
| 3. | ഇപ്പോൾ ജോലിചെയ്യുന്ന ഓഫീസ് | |
| 4. | സ്വന്തം ജില്ലയ്ക്ക് പുറത്ത് എത്ര കാലമായി ജോലി ചെയ്യുന്നു | |
| 5 | സ്ഥലംമാറ്റത്തിന്റെ മുൻഗണന നിശ്ചയിച്ച ജില്ലയിലെ സീനിയോറിട്ടി നമ്പർ | |

സെക്ഷൻ ക്ളർക്ക്

ജൂനിയർ സൂപ്രണ്ട്/സീനിയർ സൂപ്രണ്ട്

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
(ടെക്നിക്കൽ/മിനിസ്റ്റീരിയൽ)

അപേക്ഷ അംഗീകരിച്ചു/നിരസിച്ചു

ഡെപ്യൂട്ടിചീഫ് എൻജിനീയർ (ഭരണം)/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/

ചീഫ് എൻജിനീയർ (ഭരണം)

നം: ഒഎം.1/2499/2013

ചീഫ് എഞ്ചിനീയരുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്,
ഡിസൈൻ & ഭരണ വിഭാഗം,
തിരുവനന്തപുരം,
തീയതി: 11/02/2013

# സർക്കുലർ

വിഷയം: പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം 2013 ലെ പൊതു സ്ഥലംമാറ്റം മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന: 1) ജി.ഒ. (പി) 13/2000/ഉ.ഭ.പ.വ തീയതി 27/04/2000
2) ജി.ഒ. (പി) 12/2004/ഉ.ഭ.പ.വ തീയതി 10/09/2004
3) ഈ ഓഫീസിലെ 11/02/2013 ലെ ഇതേ നമ്പർ സർക്കുലർ

*******

പൊതുമരാമത്ത് വകുപ്പിലെ 2013 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന് സൂചന (3) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. അതിൻ പ്രകാരം സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിലേക്കായി വിവിധ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

1. സ്ഥലംമാറ്റ അപേക്ഷ നൽകാൻ ആഗ്രഹിക്കുന്ന ജീവനക്കാർ സർക്കുലർ I ൽ ഉളളടക്കം ചെയ്തിട്ടുളള നിശ്ചിത പ്രൊഫോർമയിൽ മാത്രം അപേക്ഷകൾ ഓഫീസ് മേലധികാരികൾ മുഖേന അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്.

2. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സ്ഥലംമാറ്റ അപേക്ഷ നൽകുന്നതിനുളള നടപടി ക്രമങ്ങൾ ജില്ലയിൽ ജോലി നോക്കുന്ന എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

3. അപേക്ഷകർ സ്ഥലംമാറ്റ അപേക്ഷകൾ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മുഖേന മാത്രം സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മുൻകൂർ പകർപ്പ് ഒരു കാരണവശാലും ചീഫ് എഞ്ചിനീയർക്ക് നേരിട്ട് സമർപ്പിക്കുവാൻ പാടുളളതല്ല. ഇതിനു വിരുദ്ധമായി ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

4. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തങ്ങളുടെ ആഫീസിൽ ലഭിക്കുന്ന അപേക്ഷകൾ തസ്തിക തിരിച്ച് സൂക്ഷ്മ പരിശോധന നടത്തി വ്യക്തമായ ശുപാർശ സഹിതം സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മുഖേന മാത്രം ചീഫ് എഞ്ചിനീയർ (ഭരണം) ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

5. അപേക്ഷകർ തങ്ങൾക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മാനദണ്ഡങ്ങളിൽ നിശ്ചയിച്ചിട്ടുളള പ്രത്യേക പരിഗണന ആവശ്യപ്പെടുകയാണെങ്കിൽ ആയത് സാധൂകരിക്കുന്നതിനുളള ആവശ്യമായ രേഖകളുടെ ആഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടുളള പകർപ്പുകൾ അപേക്ഷയോടൊപ്പം അടക്കം

ചെയ്യേണ്ടതാണ്. പകർപ്പുകൾ അപേക്ഷയോടൊപ്പം അടക്കം ചെയ്തിട്ടില്ലാത്ത അപേക്ഷകൾക്ക് മാനദണ്ഡ പ്രകാരമുള്ള മുൻഗണന ലഭിക്കുന്നതല്ല.

6. 2012 ലെ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷകൾ സ്വീകരിച്ച അവസാന തീയതിക്കു ശേഷം സ്ഥലംമാറ്റ അപേക്ഷകൾ നൽകിയിട്ടുള്ള ജീവനക്കാർ പുതുതായി നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ നൽകിയാൽ മാത്രമേ അവരുടെ അപേക്ഷകൾ 2013 ലെ പൊതുസ്ഥലം മാറ്റത്തിന് പരിഗണിക്കുകയുള്ളൂ.

7. 2012 ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷകൾ നൽകുകയും പട്ടികയിൽ ഉൾപ്പെടുകയും ഒഴിവുകളുടെ അഭാവത്തിൽ സ്ഥലംമാറ്റം ലഭിക്കാതെ വരുകയും ചെയ്ത ജീവനക്കാർ 2013 വർഷത്തെ പൊതു സ്ഥലംമാറ്റത്തിന് നിർബന്ധമായും അപേക്ഷിക്കേണ്ടതാണ്. 2013 ൽ പുതിയതായി അപേക്ഷ നൽകാത്തവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

8. അപേക്ഷയിലെ എല്ലാ കോളങ്ങളും നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്. അപൂർണമായ അപേക്ഷ നിരസിക്കുന്നതാണ്.

9. ഒന്നിൽക്കൂടുതൽ ജില്ലകൾ ഓപ്റ്റ് ചെയ്യുന്ന ജീവനക്കാർ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഒരു ജീവനക്കാരൻ മൂന്ന് സ്റ്റേഷനുകൾ മാത്രമേ ഓപ്റ്റ് ചെയ്യുവാൻ പാടുള്ളൂ. വ്യത്യസ്ത അപേക്ഷകളിൽ മൂന്നിൽ കൂടുതൽ സ്റ്റേഷനുകൾ ഓപ്റ്റ് ചെയ്യുന്നവരുടെ ആദ്യ അപേക്ഷയിലെ മൂന്ന് സ്റ്റേഷനുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

10. സ്വന്തം/ഓപ്റ്റ് ചെയ്ത ജില്ലയിലേക്കുള്ള സ്ഥലംമാറ്റങ്ങൾക്ക് സ്വന്തം ജില്ല ഒഴികെ മറ്റ് ജില്ലകളിൽ തുടർച്ചയായി എല്ലാ കേഡറുകളിലും ഉള്ള മൊത്തം സർവ്വീസ് കണക്കിലെടുക്കുന്നതാണ്. എന്നാൽ സ്വന്തം/ഓപ്റ്റ് ചെയ്ത ജില്ലയിൽ തന്നെ ഒരു പ്രത്യേക സ്റ്റേഷൻ ഓപ്റ്റ് ചെയ്ത് മാറ്റത്തിന് അപേക്ഷിച്ചാൽ സ്വന്തം ജില്ലയിലെ വിദൂര സ്ഥലങ്ങളിലെ (മൊഫ്യൂസിൽ) സർവ്വീസായിരിക്കും മാനദണ്ഡം.

11. പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്ന തീയതിയ്ക്കുശേഷം ലഭിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന അപേക്ഷകൾ ഒഴിച്ച് സൂചന ഉത്തരവു പ്രകാരമുള്ള ഉത്തരവുകൾക്കനുസൃതമായി ചീഫ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് ശുപാർശ ചെയ്യേണ്ടതില്ലാത്തതാണ്. മേൽപറഞ്ഞ മാർഗ്ഗ നിർദ്ദേശങ്ങൾ കർശന മായി പാലിക്കുവാൻ പൊതുമരാമത്ത് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരോടും അഭ്യർത്ഥിക്കുന്നു.

12. പെൻഷൻ പറ്റുന്നതിനു രണ്ട് വർഷം ബാക്കിയുള്ളവർക്ക് സ്വന്തം താത്പര്യ പ്രകാരം സ്ഥലമാറ്റം മുൻഗണനാ ക്രമത്തിൽ നൽകേണ്ടതാണ്.

13. പരസ്പരം സ്ഥലമാറ്റത്തിനു വേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

14. അന്തർ വകുപ്പ് സ്ഥലം മാറ്റങ്ങൾ ഡി.ആർ.ബി നിയമന വ്യവസ്ഥകൾക്കും സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കും വിധേയമായിരിക്കുന്നു.

15. എഞ്ചിനീയർ, ഓവർസീയർ, ഡ്രാഫ്റ്റ്സ്മാൻ തുടങ്ങിയ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് മൂന്ന് വർഷത്തിലൊരിക്കൽ നിലവിൽ പ്രവർത്തിക്കുന്ന വിഭാഗത്തിൽ നിന്നും മാറ്റം നൽകുന്നതാണ്. നിരത്തുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ദേശീയപാത തുടങ്ങി എല്ലാ വിഭാഗങ്ങളിലും എല്ലാപേർക്കും പ്രവർത്തിക്കുവാൻ അവസരം നൽകും വിധമായിരിക്കും സ്ഥലംമാറ്റം നൽകുക.

16. സ്ഥലംമാറ്റ അപേക്ഷകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകേണ്ട അവസാന തീയതി 12/03/13 ആണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അപേക്ഷകൾ ക്രോഡീകരിച്ച് വ്യക്തമായ ശുപാർശ സഹിതം സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിലും അവിടെ നിന്നും ഈ ഓഫിസിൽ സമർപ്പിക്കുമ്പോൾ പ്രസ്തുത അപേക്ഷയിലെ വിവരങ്ങൾ തസ്തിക തിരിച്ച് ലിസ്റ്റ് തയ്യാറാക്കി (സ്ഥലം മാറ്റത്തിന് അപേക്ഷിച്ച 3 ചോയ്സ് ഉൾപ്പെടെ) 27/03/2013 5 P.M മുമ്പ് ചീഫ് എഞ്ചിനീയർ (ഡിസൈൻ & ഭരണം) മുൻപാകെ സമർപ്പിക്കേണ്ടതാണ്. തദവസരത്തിൽ താഴെ പറയുന്ന വിവരങ്ങൾ കൂടി സമർപ്പിക്കേണ്ടതാണ്.

a) ഒരു ഓഫീസിൽ തുടർച്ചയായി 5 വർഷം ജോലി ചെയ്ത എല്ലാ തസ്തികയിലേയും ജീവനക്കാരുടെ പേരുവിവരം

b) 2013/2014 ൽ വേസനത്തിൽ നിന്നും വിരമിക്കുന്നവരുടെ പേരും ഓഫീസും ഉൾപ്പെടെയുള്ള എല്ലാ തസ്തികയിലേയും ആകെ ഒഴിവു വിവരം.

17. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ കഴിയുന്നതും സ്വന്തം / ഓപ്റ്റ് ചെയ്ത ജില്ലയിൽ തന്നെ നിയമിക്കേണ്ടതാണ്.

18. പൊതുമരാമത്ത് വകുപ്പു ജീവനക്കാരുടെ പൊതു സ്ഥലം മാറ്റത്തിനുള്ള നോട്ടീസും സമയ വിവര പട്ടികയും മാതൃകാ അപേക്ഷ ഫോറവും പ്രസിദ്ധീകരിച്ചിരുന്നു. ആയത് www.keralapwd.gov.in എന്ന വെബ് സൈറ്റിൽ നിന്നും ലഭ്യമാക്കുന്നതാണ്.

for ചീഫ് എഞ്ചിനീയർ
ഡിസൈൻ & ഭരണവിഭാഗം

*പകർപ്പ്: 1. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും*
*2. എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും*
*3. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/*
*4. ജോയിന്റ് ഡയറക്ടർ, കെ.എച്ച്.ആർ.ഐ*
*കരുതൽ ഫയൽ/ അധിക കോപ്പി*
*ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും*

fc1